# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.1)1326/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഐക്കരനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.1)1326/2023 തീയ്യതി: 11/10/2023

## എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അജിമോൻ പി.പി., ഓഡിറ്റ് ഓഫീസർ
ശ്രീജ ഉണ്ണിക്കൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
വിജു എം.എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി കെ.പി., സീനിയർ ഗ്രേഡ് ഒഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദീപ ദീപക് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സോമൻ പി.എ. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| അബ്ദുൽ ലത്തീഫ് പി.എം. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 27-06-2022 |
| ജഗദീഷ് | സെക്രട്ടറി | 28-06-2022 | 05-10-2022 |
| സമീന ബി. | സെക്രട്ടറി | 06-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജയകുമാർ എ.വി. | അസി.എഞ്ചിനീയർ | 01-04-2022 | 29-07-2022 |
| കൃഷ്ണ റൈമ ആർ. | അസി.എഞ്ചിനീയർ | 30-07-2022 | 31-03-2023 |
| മീര ടി.എം. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സലിം വി.കെ. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-04-2022 | 31-12-2022 |
| ഡോ.ലക്ഷ്മി യശോധരൻ | മെഡിക്കൽ ഓഫീസർ - ആയുർവേദം | 01-01-2023 | 17-02-2023 |
| ഡോ.സുധിൻ കൃഷ്ണൻ ടി. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 18-02-2023 | 31-03-2023 |
| വന്ദന വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| അബ്ദുൽ ലത്തീഫ് പി.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 07-11-2022 |
| ജിബി ബി. | അസിസ്റ്റന്റ് സെക്രട്ടറി | 08-11-2022 | 31-03-2023 |
| ഡേ.ദിലീപ്കുമാർ എം. | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ഫൈസൽ എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-10-2022 |
| ദീപ എൻ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 31-10-2022 | 31-03-2023 |
| അനൂപ് പോൾ | വി.ഇ.ഒ.കടയിരുപ്പ് | 01-04-2022 | 31-03-2023 |
| ഐവി ഐസക് | വി.ഇ.ഒ.കോലഞ്ചേരി | 01-04-2022 | 31-03-2023 |
| ഡോ.ബിന്ദു ഭാസ്കരൻ | മെഡിക്കൽ ഓഫീസർ -ഹോമിയോ | 01-04-2022 | 14-06-2022 |
| ഡോ. സിജി | മെഡിക്കൽ ഓഫീസർ -ഹോമിയോ | 15-06-2022 | 05-01-2023 |

| | | | |
|---|---|---|---|
| ഏബ്രഹാം | -NRHM | | |
| ഡോ. സിമി മാത്യു | മെഡിക്കൽ ഓഫീസർ -ഹോമിയോ | 06-01-2023 | 31-03-2023 |
| ഡോ. അനീഷ് ബേബി | മെഡിക്കൽ ഓഫീസർ - സ്.എച്ച്.സി. കടയിരുപ്പ് | 01-04-2022 | 31-03-2023 |
| സ്ലീബ പി.എം. | എച്ച്.എം.ഗവ.യു.പി.എസ്.കടമറ്റം | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ബാദ്ധ്യതയില്ലാത്ത തുക ഉത്ഭവത്തിൽ കുറവ് ചെയ്തത് ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | നീക്കിയിരുപ്പിന്റെ വിശദവിവരം ലഭ്യമല്ല | 1-1-5 |
| 7 | ദുരിതാശ്വാസ നിധി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | റിക്കൺസിലിയേഷൻ തുകയിൽ വ്യത്യാസമുണ്ട് | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം - അവലോകനം | 1-11 |
| 19 | തനത് ഫണ്ട് പരിപാലനം | 1-12 |
| 20 | മണ്ണ് ഖനനം - മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ഇല്ല. | 1-13 |
| 21 | ലൈഫ് മിഷൻ വായ്പ – ബാദ്ധ്യതയില്ലാതിരുന്നിട്ടും തുക ഉത്ഭവത്തിൽ കുറവ് ചെയ്തു | 1-14 |
| 22 | 1.94 ലക്ഷം രൂപയുടെ ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല. | 1-15 |
| 23 | പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണം - അപാകതകൾ | 1-16 |
| 24 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-17 |
| 25 | സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-18 |
| 26 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു. | 1-19 |
| 27 | തുടർ സാക്ഷരത – പഠിതാക്കളുടെ വിവരം ലഭ്യമല്ല- മറ്റ് അപാകതകൾ | 1-20 |

| | | |
|---|---|---|
| 28 | സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ - നിർവ്വഹണത്തിലെ അപാകതകൾ | 1-21 |
| 29 | ഇ-ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു | 1-22 |
| 30 | മരാമത്ത് പ്രവൃത്തി - സ്പിൽ ഓവർ പ്രൊജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല | 1-23 |
| 31 | റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ് | 1-24 |
| 32 | മെറ്റിരിയൽ സപ്ലൈ-ഓഡിറ്റ് അന്വേഷണക്കുറിപ്പിനെത്തുടർന്ന് ജി.എസ്.ടി അടവാക്കി | 1-25 |
| 33 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കി | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ 1(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 11.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ബാദ്ധ്യതയില്ലാത്ത തുക ഉത്ഭവത്തിൽ കുറവ് ചെയ്തത് ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസന ഫണ്ട് എസ്.സി.പി. അലോട്ട്മെന്റിൽ നിന്നും ₹502190 ഉത്ഭവത്തിൽ കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ ഇപ്രകാരം കുറവ് ചെയ്ത തുക ആസ്തിയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 ധനകാര്യ പത്രികയിൽ തൻവർഷത്തെ ടെണ്ടർ ഫോറവില കിട്ടാനുള്ളത് രേഖപ്പെടുത്തിയിട്ടില്ല

ഐക്കരനാട് ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി.സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഇ-ടെണ്ടർ ഫീസ് ഒടുക്കുന്നതിനായി എസ്.ബി.ഐ. കോലഞ്ചേരി ശാഖയിൽ ആരംഭിച്ചിട്ടുള്ള 38780028038 എന്ന അക്കൌണ്ടിൽ ₹4,33,161 ഈയിനത്തിൽ 31.03.2023 ൽ നീക്കിയിരിപ്പുണ്ട്. ഈ തുക ആസ്തി ബാദ്ധ്യത കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-5 നീക്കിയിരുപ്പിന്റെ വിശദവിവരം ലഭ്യമല്ല

B-4ഷെഡ്യൂളിൽ 320100999-other Liabilities ഹെഡ്ഡിലെ 1351/- രൂപയും 320300199 ഹെഡ്ഡിലെ 1657/-രൂപയും ഏതിനങ്ങളിലുള്ള നീക്കിയിരിപ്പാണെന്ന് വ്യക്തമല്ല.

### 1-1-6 ദുരിതാശ്വാസ നിധി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് B-2 ഷെഡ്യൂളിലെ 311100101 ഹെഡ് പ്രകാരം ₹34,631 ആണ്. എന്നാൽ B-17 ഷെഡ്യൂളിൽ ദുരിതാശ്വാസ നിധി ബാങ്ക് അക്കൗണ്ടായ EDCB A/C No. 7281000000005 ലെ നീക്കിയിരിപ്പ് 32,331/-രൂപയാണ്.

### 1-1-7 റിക്കൺസിലിയേഷൻ തുകയിൽ വ്യത്യാസമുണ്ട്

എസ്.ബി.ഐ. കോലഞ്ചേരി അക്കൗണ്ട് നമ്പർ 67308659037 ലെ പാസ് ബുക്ക് നീക്കിയിരിപ്പും (₹57923774.78) ബാങ്ക് ബുക്ക് നീക്കിയിരുപ്പും (₹58505657) പൊരുത്തപ്പെടുത്തിയിരിക്കുന്നതിൽ വ്യത്യാസമുണ്ട്.

QR Code,POS എന്നിവ വഴി പണം സ്വീകരിക്കുന്നതിന് ഫെഡറൽ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിന്റെ B-17 ബാങ്ക് ബുക്ക് നീക്കിയിരിപ്പ് 251850/-രൂപയാണ്. 31.3.23ലെ പാസ് ബുക്ക് നീക്കിയിരിപ്പ് 249842/-രൂപയാണ്. എന്നാൽ 31.3.23 ലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ 251850/-രൂപ തുലനപ്പെടുത്തിയിരിക്കുന്നത് പാസ് ബുക്ക് ബാലൻസായ 249842/- ന് പകരം 249850/-എന്ന തുകയുമായിട്ടാണ്.

### 1-2 ബജറ്റ്

ഐക്കരനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർത്തേക്കുള്ള കരട് ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 21.03.2022 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് 23.03.2022 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. 21.03.2023 ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| | ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(1) /21.03.2022 | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 2(1) /21.03.2023 |
|---|---|---|
| മുന്നിരുപ്പ് | ₹7,76,27,367 | ₹8,68,54,370 |
| വരവ് | ₹18,52,72,319 | ₹17,15,65,106 |
| ചെലവ് | ₹19,15,93,000 | ₹18,75,74,411 |
| നീക്കിയിരുപ്പ് | ₹7,13,06,686 | ₹7,08,45,065 |

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരുപ്പ് | ₹8,08,19,161 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹5,90,85,635 |
| ആകെ | ₹13,99,04,796 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹4,33,83,264 |

| | |
|---|---|
| നീക്കിയിരുപ്പ് | ₹9,65,21,532 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,49,13,000* | ₹1,49,13,000 | ₹1,33,25,482 | ₹15,87,518 | |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹67,45,000* | ₹67,45,000 | ₹67,33,340 | ₹11,660 | |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹1,95,18,000 | ₹1,95,18,000 | ₹1,95,18,000 | - | |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹45,70,000 | ₹45,70,000 | ₹35,14,955 | ₹10,55,045 | |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) | ₹5,69,923 | ₹33,86,849 | ₹39,56,772 | ₹30,48,308 | ₹4,55,624 | ₹4,52,840 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹31,82,268 | ₹38,26,000 | ₹70,08,268 | ₹22,68,681 | - | ₹47,39,587 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹24,83,591 | ₹24,83,591 | ₹12,27,534 | ₹12,56,057 | |
| അനുപൂരക പോഷകാഹാരം 320100196 | ₹3,90,239 | ₹15,20,500 | ₹19,10,739 | ₹8,23,291 | - | ₹10,87,448 |
| ലൈബ്രറി ഗ്രാന്റ് 320100194 | - | ₹19,550 | ₹19,550 | ₹19,550 | - | - |
| ARWWS Fund 320100101 | ₹2,41,269 | ₹6,856 | ₹2,48,125 | - | - | ₹2,48,125 |
| ടോട്ടൽ സാനിട്ടേഷൻ 320100181 | ₹96,474 | - | ₹96,474 | - | - | ₹96,474 |
| Other Ear Marked Funds BUDS, Vimukthi 311100199 | ₹12,59,340 | - | ₹12,59,340 | - | - | ₹12,59,340 |
| Health Grant - Support For Diagnostic Infrastructure 320100202 | - | ₹3,22,738 | ₹3,22,738 | - | - | ₹3,22,738 |
| Health Grant - Conversion Of PHCs To Wellness Centres 320100204 | - | ₹1,78,478 | ₹1,78,478 | - | - | ₹1,78,478 |
| Grant From Suchitwa Mission 320100198 | ₹29,19,669 | - | ₹29,19,669 | - | - | ₹29,19,669 |
| നിർമ്മൽ പുരസ്കാരം 320100191 | ₹3,65,269 | - | ₹3,65,269 | - | - | ₹3,65,269 |
| Literacy Grant 320100197 | ₹5,633 | ₹160 | ₹5,793 | - | - | ₹5,793 |

*കുറിപ്പ്:

*. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹919800 ഉൾപ്പെടുന്നുണ്ട്.*

*. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹502190 ഉൾപ്പെടുന്നുണ്ട്.*

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 190 | ₹11,49,86,167 | ₹6,47,02,751 | 113 | 22 | 55 | 59.47% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | ₹11750.00 | ₹1332815.00 | ₹1344565.00 | ₹1275054.00 | ₹69511.00 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | ₹12700678.00 | ₹12700678.00 | ₹12700678.00 | |
| ആകെ | ₹11750.00 | ₹14033493.00 | ₹14045243.00 | ₹13975732.00 | ₹69511.00 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹2950600 | 251 |
| വിധവാ പെൻഷൻ | ₹8295200 | 760 |
| വാർദ്ധക്യകാല പെൻഷൻ | ₹15390000 | 1413 |
| വികലാംഗ പെൻഷൻ | ₹1559800 | 145 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹470200 | 43 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.08.2023 തീയതിയിൽ ഉച്ചയ്ക്ക് 3.30 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹18,880/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പദ്ധതി മോണിറ്ററിങ് സംവിധാനം കാര്യക്ഷമമല്ല : വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2020 | ജനവരി 2020 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.07.2016 | 2011-2012 മുതൽ 2015-2016 വരെ | 25.08.2016 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ വടവുകോട് ബ്ലോക്കിൽ ആകെ 14 വാർഡുകളിലായി വ്യാപിച്ച് സ്ഥിതി ചെയ്യുന്ന ഐക്കരനാട് ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.
2. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.
3. പഞ്ചായത്തിൽ തനത് ഫണ്ട്, കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ ഒരു നിശ്ചിത ഇടവേളകളിൽ ടി അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്. ഈ റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 1-12 ൽ ഇതിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.
4. ഓഫീസ് കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.
5. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് ഖനനത്തിനായി പെർമിറ്റ് അനുവദിക്കാറുണ്ട്. എന്നാൽ ഇതിന്റെ തുടർനടപടികൾ കൃത്യമായി നിരീക്ഷണവിധേയമാക്കാത്തതിനാൽ പെർമിറ്റ് നൽകുന്നതിനെക്കാൾ കൂടിയ അളവിൽ ഖനനം നടത്തുകയും നിയന്ത്രണമില്ലാതെ ഖനനം തുടരുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്. ഈ റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 1-13 ൽ ഇതിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട്, പെർമിറ്റ് വ്യവസ്ഥകൾ പാലിക്കുന്ന വിഷയത്തിൽ വേണ്ടത്ര ശ്രദ്ധവയ്ക്കുന്നത് ഉചിതമായിരിക്കും.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

## 1-12 തനത് ഫണ്ട് പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സേവിംഗ്സ് അക്കൗണ്ട് നമ്പർ 67308659037 ൽ സൂക്ഷിക്കുന്നുണ്ട്. ഇതിൽ 2022-23 സാമ്പത്തിക വർഷാരംഭത്തിൽ 4,80,81,584.68 രൂപയും വർഷാവസാനം 5,79,23,775.00 രൂപയും ക്രഡിറ്റ് ബാലൻസ് ഉണ്ട്. കൂടാതെ ഐക്കരനാട് സർവീസ് സഹകരണബാങ്കിൽ സൂക്ഷിക്കുന്ന തനത് ഫണ്ട് അക്കൗണ്ട് നമ്പർ 3041 ൽ 2022-23 സാമ്പത്തിക വർഷാരംഭത്തിൽ 2,07,30,502.00 രൂപയും വർഷാവസാനം 2,33,81,738.00 രൂപയും ക്രെഡിറ്റ് ബാലൻസ് ഉണ്ട്.

ഇവയ്ക്ക് നിലവിൽ ലഭ്യമാകുന്നത് സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് ലഭ്യമാകുന്ന 2.5% നിരക്കിലുള്ള തുച്ഛമായ പലിശയാണ്. ടി നിക്ഷേപം, ബാങ്കുകളിൽ നിലവിലുള്ള “Auto Sweep” ( The Auto Sweep Facility Is A Combination Of Savings Account And Fixed Deposit Account) സംവിധാനത്തിലേക്ക് മാറ്റിയാൽ 6.75% നിരക്കിൽ (Fixed Deposit) പലിശ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ ചെയ്യാത്തതുകൊണ്ട് ഗ്രാമപഞ്ചായത്തിന് വർഷം തോറും നഷ്ടമായിക്കൊണ്ടിരിക്കുന്ന തുകയുടെ ഒരു ഏകദേശ രൂപം താഴെ ചേർക്കുന്നു.

| നിക്ഷേപം (ശരാശരി) | 2.5% നിരക്കിൽ ലഭ്യമാകുന്ന പലിശ | 6.75% നിരക്കിൽ ലഭ്യമാകുന്ന പലിശ | വ്യത്യാസം |
|---|---|---|---|
| 7 കോടി | 17,50,000/- | 47,25,000.00 | 29,75,000/- |

തനത് ഫണ്ട്, ഇത്തരത്തിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 12/08.08.23) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ഈ വിഷയം അജണ്ട ചേർത്ത് ഓട്ടോസ്വീപ്പ് അക്കൗണ്ട് ആക്കുന്നതിനോ ഫിക്സഡ് ഡെപ്പോസിറ്റ് ആക്കുന്നതിനോ തീരുമാനപ്രകാരം അടിയന്തിരമായി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 മണ്ണ് ഖനനം - മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ഇല്ല.

കെട്ടിട നിർമ്മാണത്തിനായി മണ്ണ് ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ A2-7884/21 ൽ ഓവർസിയറുടെ റിപ്പോർട്ടിൽ, ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ 9-ാം വാർഡിൽ ശ്രീ. വിജു, പൂമോളയിൽ, പെരിങ്ങോൾ എന്ന വ്യക്തിക്ക് 46/1 സർവ്വേ നമ്പരിൽപ്പെട്ട 1618.80 ച.മീ. ഭൂമിയിൽ നിന്നും 3.09മീ. ആഴത്തിൽ 5003.57 ക്യൂബിക് മീറ്റർ വ്യാപ്തം മണ്ണ് നീക്കം ചെയ്യുന്നതിനായി SC.1-BA 136313/2022 തീയതി 25.04.2022 നമ്പർ പെർമിറ്റ് പ്രകാരം അനുവാദം നൽകിയിട്ടുള്ളതാണെന്നും, പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, 8, 9 വാർഡുകളിലെ മെമ്പർമാർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുമായി സ്ഥല പരിശോധന നടത്തിയപ്പോൾ 9-ാം വാർഡിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള സ്ഥലത്ത് നിന്നും മണ്ണ് നീക്കം ചെയ്ത് 5-ാം വാർഡിൽ ഫില്ലിങ്ങ് ചെയ്തിട്ടുള്ളതായും പെർമിറ്റ് അനുവദിച്ചതിനേക്കാൾ കൂടുതൽ ആഴത്തിൽ മണ്ണ് നീക്കം ചെയ്തു കൊണ്ടിരിക്കുന്നതായും ബോധ്യപ്പെട്ടു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് താഴെ ചേർക്കുന്ന പരാമർശങ്ങൾക്ക് വിശദീകരണം/ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/ 09.08.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്.

1. മേൽ പ്രവൃത്തിക്കായി മണ്ണ് ട്രാൻസ്പോർട്ട് ചെയ്യുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിച്ച പെർമിറ്റ് ഫയലിൽ ഇല്ല. ഇതിനു മറുപടിയായി മൈനിംഗ് & ജിയോളജി വിഭാഗത്തിൽ നിന്നുള്ള അനുമതി പഞ്ചായത്തിൽ ലഭിക്കുന്നതിന് കാലതാമസം വരാറുണ്ട് എന്നതിനാലാണ് ടി അനുമതി, ഫയലിൽ കാണാത്തത് എന്ന് അറിയിച്ചിട്ടുണ്ട്. SC.1-BA 136313/2022 തീയതിയിലെ 25.04.2022 നമ്പർ പെർമിറ്റിനായി മൈനിംഗ് & ജിയോളജി വിഭാഗത്തിൽ നിന്നുള്ള അനുമതി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച പെർമിറ്റ്, SC.1-BA 136313/2022 തീയതി 25.04.2022

പ്രകാരം അനുവാദം നൽകിയിട്ടുള്ള Total Building Area 863.8 ചതുരശ്ര മീറ്ററും Permitted Area 713.8 ചതുരശ്ര മീറ്ററും ആണ്. ഇതിൽ അനുവദിച്ചതിൽ കൂടുതൽ ചുറ്റളവിൽ ഖനനം നടത്തിയിട്ടുണ്ടെന്ന് ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും കൂടുതലായി മണ്ണ് നീക്കം ചെയ്തതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. ഇതിനുള്ള മറുപടിയിൽ, അന്വേഷണത്തിന് ചെന്ന സമയത്ത് അധികമായി മണ്ണെടുക്കുന്നു എന്ന് ബോധ്യപ്പെട്ടിരുന്നു, എന്നാൽ (മുൻപെർമിറ്റ്) SC1 BA(314796)/2019 നമ്പർ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഇതേ സർവെ നമ്പരിൽപ്പെട്ട സ്ഥലത്തുനിന്നും മൈനിംഗ് & ജിയോളജി വകുപ്പിന്റെ 17.02.2020 ലെ 297/19-20 /ഡി.ഇ. ഒ. ഇ/2085/ഇ2/19-20 നമ്പർ ഉത്തരവ് പ്രകാരം 3024 മെട്രിക് ടൺ മണ്ണെടുക്കുന്നതിന് അനുമതി നൽകിയിരുന്നു. ഒരേ സർവേ നമ്പരിൽപ്പെട്ട സ്ഥലത്തുനിന്നുള്ള മണ്ണെടുത്തതിനാലും മുൻപ് മണ്ണെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത് അറിയാതിരുന്നതിനാലും ഓവർസിയർ പുതുതായിവന്ന സാഹചര്യത്തിലുമാണ് കൃത്യമായ അളവ് രേഖപ്പെടുത്തുവാൻ സാധിക്കാതിരുന്നത് എന്നുമാണ് ഓഡിറ്റിനെ അറിയിച്ചിരിക്കുന്നത്. ടി മുൻപെർമിറ്റ് വിവരങ്ങളും ആയതു പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന വിവരവും ലഭ്യമാക്കേണ്ടതാണ്.

3. ലാൻഡ് ഡെവലപ്മെന്റിനു ശേഷം KPBR 2019 പ്രകാരമുള്ള "ഇന്റിമേഷൻ" ലഭ്യമാക്കി Rule 10 (7) പ്രകാരമുള്ള കൺകറൻസോടുകൂടി കെട്ടിട നിർമ്മാണം ആരംഭിക്കണമെന്നും പെർമിറ്റ് തീയതിയായ 25.04.2022 മുതൽ ഒരു വർഷത്തിനുള്ളിൽ അതായത് 24.04.2023 ൽ കെട്ടിടത്തിന്റെ തറ നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്നും പെർമിറ്റിൽ വ്യവസ്ഥ ചെയ്തിരുന്നു. കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിനുള്ള കാരണം ബോധിപ്പിക്കുന്നതിന് അപേക്ഷകന് നിർദേശം നൽകുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.
4. മേൽ പരാമർശിച്ച പെർമിറ്റുകളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ മണ്ണ് നീക്കം ചെയ്തിട്ടുണ്ടോ എന്നും തുടർനടപടി വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
5. അന്വേഷണ സമയത്ത് മണ്ണ് ഖനനം അധികരിച്ച എന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഉടൻതന്നെ മണ്ണെടുപ്പ് നിർത്തിവയ്ക്കണമെന്ന് നിർദ്ദേശം നൽകിയതിനെ തുടർന്ന് പ്രവൃത്തി നിർത്തിവച്ചിരുന്നു എന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടത്തി നിജസ്ഥിതി ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

1-14 ലൈഫ് മിഷൻ വായ്പ - ബാദ്ധ്യതയില്ലാതിരുന്നിട്ടും തുക ഉത്ഭവത്തിൽ കുറവ് ചെയ്തു

ലൈഫ് ഭവനപദ്ധതിക്കായുള്ള (എസ്.സി.പി.) ലോൺ തുകയായി ഗ്രാമപഞ്ചായത്തിൽ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയില്ല(330500201). ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ (എസ്.സി.പി.) നിന്നും ₹502190 ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | | ₹ 0 |
| തൻവർഷത്തെ ലോൺ തുക | | | | 0 |
| തൻവർഷം ആകെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക | | | | ₹ 0 |
| തിരിച്ചടവ് : ഉൽഭവത്തിൽ കുറവ് ചെയ്ത തുക | | | | |
| ഉത്തരവ് നം | ജി.ഒ.പ്രോജക്ട് നം. | ഗ്രാന്റ് ഇനം | തുക | |
| സ.ഉ.(സാധാ) നം. 1049/2023/ധന/13.02.23 | എസ്.0249/23 | എസ്.സി.പി. | ₹251095 | ₹ 502190 |
| സ.ഉ.(സാധാ) നം. 6872/2022/ധന/12.10.22 | എസ്.0250/23 | എസ്.സി.പി. | ₹251095 | |
| അധികമായി ഉൽഭവത്തിൽ കുറവ് ചെയ്ത തുക | | | | ₹ 502190 |

വികസനഫണ്ടിൽ (എസ്.സി.പി.)നിന്നും ഉത്ഭവത്തിൽ തുക അധികമായി കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വികസന ഫണ്ടിൽ ₹5,02,190/- രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. ഈ തുക തിരികെ ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടും ഗ്രാമപഞ്ചായത്തിന് ഗ്രാന്റിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി കുറവ് ചെയ്ത ₹5,02,190/- ബാലൻസ് ഷീറ്റിൽ ആസ്തികണക്കിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ടും 04.08.2023ൽ നല്കിയ 3ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 12.10.22 ലെ സ.ഉ.(സാധാ) നം. 6872/2022/ധന പ്രകാരം എസ്.സി.പി.യിനത്തിൽ ഉറവിടത്തിൽ നിന്ന് തുക കുറവാക്കിയപ്പോൾ തന്നെ ആയത് തിരികെ ലഭിക്കുന്നതിന് ധനകാര്യ വകുപ്പിന് ഉചിതമാർഗ്ഗേണ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം ധനകാര്യ വകുപ്പിന് കത്ത് നല്കിയിട്ടുണ്ടെന്നും, ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലും ഇക്കാര്യം ഉന്നയിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ജില്ലാ ആസൂത്രണ സമിതി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത കത്തിന്റെ പകർപ്പും കമ്മറ്റി തീരുമാനവും തെളിവായി ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ലൈഫ് ഭവനപദ്ധതിക്കായുള്ള (എസ്.സി.പി) ലോൺ തുകയായി ഗ്രാമപഞ്ചായത്തിൽ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ

ബാക്കിയില്ലായെന്നിരിക്കെ ഗ്രാമപഞ്ചായത്തിന്റെ അർഹതപ്പെട്ട ഗ്രാന്റ് തുക ഉറവിടത്തിൽ നിന്ന് കുറവ് ചെയ്തത് ഉചിതമല്ല. പ്രസ്തുത തുക സർക്കാരിൽ നിന്ന് തിരികെ ലഭിക്കുവാൻ അർഹതയുള്ളതിനാൽ ആയത് തിരികെ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും, ലഭ്യമായാൽ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 1.94 ലക്ഷം രൂപയുടെ ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.0010/23 | |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | |
| അടങ്കൽ | ₹ 300000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) | |
| ചെലവ് വിവരം | ₹ 300000 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) | TRN 2212050.......08988/ 11.01.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി | |

മെസേഴ്സ് ഹോംകോ യുടെ പ്രൊഫോർമാ ഇൻവോയ്സ് PF-575/17.10.2022 പ്രകാരം 3 ലക്ഷം രൂപ ഹോമിയോ മരുന്ന് ലഭ്യമാക്കുന്നതിനായി മുൻകൂർ നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല. ജനുവരി 2023 ന് നൽകിയ തുകയ്ക്ക് 26.07.2023 നാണ് ഹോംകോ രസീത് നല്കിയിട്ടുള്ളത്. ലഭ്യമായതും ലഭിക്കാനുള്ളതുമായ മരുന്നിന്റെ മൂല്യം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. തീയതി | സപ്ലൈ ചെയ്ത മരുന്നിന്റെ മൂല്യം | ഇനിയും സപ്ലൈ ചെയ്യാനുള്ള മരുന്നിന്റെ മൂല്യം |
|---|---|---|
| എൽ.എഫ്. 815/2.8.2023 | ₹ 1,06,080 | ₹ 1,93,920 |

മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/7.8.23) കേരളത്തിലെ മുഴുവൻ ഗവൺമെന്റ് ഹോമിയോ സ്ഥാപനങ്ങൾക്കും മരുന്ന് നൽകുന്നത് ആലപ്പുഴയിലുള്ള ഹോംകോ എന്ന സ്ഥാപനമാണ് എന്നതിനാലാണ് മരുന്ന് വരുവാൻ ഇത്രയും വൈകുന്നത് എന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മരുന്ന് ലഭിക്കുവാൻ വൈകുന്നത് ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രികളുടെ പ്രവർത്തനത്തെ ബാധിക്കും എന്നതിനാൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. മരുന്ന് ലഭ്യമാകുന്ന വിവരങ്ങൾ ഓഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതിന് വിധേയമായി ₹ 1,93,920 ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണം - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.0073/23 | |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് കെയർ പദ്ധതി | |
| അടങ്കൽ | വികസനഫണ്ട് -ജനറൽ | ₹600000 |
| ചെലവ് വിവരം | വികസനഫണ്ട് -ജനറൽ<br>വിവിധ ബില്ലുകൾ | ₹ 569723 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | |

ഈ പ്രോജക്ട് നിർവ്വഹണത്തിൽ കാണുന്ന അപാകത താഴെ ചേർക്കുന്നു.

മരുന്നും മറ്റ് ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമായിട്ടില്ല.

ബിൽ നമ്പർ 08/22-23/ 07.12.2022 പ്രകാരം ₹ 90000 മെഡിസിനും മറ്റ് പാലിയേറ്റീവ് കെയർ സാധനങ്ങളും വാങ്ങുന്നതിന് വേണ്ടി പ്രൊഫോർമ ഇൻവോയിസ് നം. PRF 2754/ 03.12.2022 പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ₹54197/- മൂല്യമുള്ള മെഡിസിനും മറ്റ് പാലിയേറ്റീവ് കെയർ സാധനങ്ങളും മാത്രമാണ് വിവിധ ഇൻവോയ്സ് പ്രകാരം ലഭിച്ചിട്ടുള്ളൂ. ₹35803/-ന്റെ മൂല്യത്തുകയ്ക്കുള്ള സാധനസാമഗ്രികൾ ഇനിയും ലഭിക്കാനുണ്ട്.

ഈ സാഹചര്യത്തിൽ ₹35803/-ന്റെ സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി ₹35803/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. എന്നാൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടേയും വിവരം ചുവടെ ചേർക്കുന്നു.

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500202 | ₹1149575 | ₹705849 | - | ₹1855424 |

.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 21-22 | സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോ.നം. എസ്.0048/22) | 22101108/ 07.02.22 | ₹16048 | - | ₹16048 |
| 21-22 | ഏഴിപുരം കമ്മ്യൂണിറ്റി ഹാൾ കണക്ഷൻ ചാർജ് | 22100643/ 27.10.21 | ₹14044 | - | ₹14044 |
| 21-22 | വാർഡ് 5 ൽ മസഗട്ടർ സബ്സെന്റർ കണക്ഷൻ ചാർജ് | 22100644/ 27.10.21 | ₹4071 | - | ₹4071 |
| 21-22 | കടകളുടെ വൈദ്യുതി കണക്ഷൻ ചാർജ് | 22101284/ 15.03.22 | ₹9162 | - | ₹9162 |
| 21-22 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 22101401/ 26.03.22 | ₹481500 | - | ₹481500 |
| 21-22 | ലൈൻ എക്സ്റ്റൻഷൻ | 22101397/ 30.03.22 | ₹624750 | - | ₹624750 |
| 22-23 | സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോ.നം. എസ്.0067/23) | ബിൽ നം. 333/21.3.23 | ₹5,87,650 | - | ₹5,87,650 |
| | | ചെക്ക് നം. 5794791/ 28.3.23 | ₹1,18,199 | - | ₹1,18,199 |
| | | ആകെ | ₹705849 | - | |
| ഒട്ടാകെ | | | ₹1855424 | - | ₹1855424 |

(ബി) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | - | ₹9,10,000 | - | ₹9,10,000 |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | ഐരിക്കൽ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( പ്രോ.നം. | ബിൽ നം. 994158/ | ₹2,60,000 | - | ₹2,60,000 |

| | | | | |
|---|---|---|---|---|
| എസ്.0168/23) | 4.1.2023 | | | |
| പ്രിയദർശിനി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( പ്രോ.നം. എസ്.0182/23) | ബിൽ നം. 127/23/ 23.12.2022 | ₹2,00,000 | - | ₹2,00,000 |
| കുരാച്ചി കനാൽ ബണ്ട് മാന്താട് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (പ്രോ.നം. എസ്.0217/23) | ബിൽ നം. 58569/ 18.1.23 | ₹4,50,000 | - | ₹4,50,000 |
| ആകെ | | | | ₹9,10,000 |

## 1-18 സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | എസ്.0203/23 | |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം | |
| അടങ്കൽ | ₹ 204900 (ധനകാര്യക്കമ്മീഷൻ ഗ്രാന്റ്) | |
| ചെലവ് വിവരം | ബിൽ നം.1/22-23/ 14.2,23 | ₹ 62,000 |
| | ബിൽ നം.2/22-23/ 23.2.23 | ₹ 1,42,900 |
| | ആകെ | ₹ 2,04,900 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കടയിരുപ്പ് | |

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ മുകളിൽ ചേർത്തിരിക്കും പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മെസേഴ്സ് കെൽട്രോണുമായി 09.02.23 ൽ കരാറിൽ ഏർപ്പെട്ട് ₹2,04,900/- താഴെ ചേർക്കുന്ന കാര്യങ്ങൾക്കായി നൽകിയിട്ടുണ്ട്.

| | |
|---|---|
| സർവ്വീസ് ചാർജ്ജ് | ₹ 1,35,700 |
| എസ്.എം.എസ്. | ₹ 7,200 |
| ക്യൂ.ആർ.കോഡ് | ₹ 12,000 |
| ലാപ്പ് ടോപ്പ് | ₹ 50,000 |
| ആകെ | ₹ 2,04,900 |

സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിട്ടറിങ്ങിനായി വീടുകളിലും മറ്റ് സ്ഥാപനങ്ങളിലും ക്യൂ.ആർ.കോഡ് സ്ഥാപിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അടങ്കലായി പ്രോജക്ട് ഏറ്റെടുത്തിരുന്നെങ്കിലും ഓഡിറ്റ് വർഷത്തിൽ ആയത് നടപ്പിലാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നിലവിൽ സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിട്ടറിങ്ങിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അഭ്യർത്ഥിച്ച് നൽകിയ 07.08.2023ലെ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലഭ്യമാക്കിയ മറുപടിയിൽ കെൽട്രോൺ ലാപ്ടോപ്പും ക്യൂ ആർ കോഡുകളും സപ്ലൈ ചെയ്തിട്ടുണ്ടെന്നും ക്യൂ ആർ കോഡ് വീടുകളിൽ പതിപ്പിക്കുന്ന ജോലി നടന്നുവരുന്നുവെന്നും ഹരിതകർമ്മസേനാഗംങ്ങളുടെ സ്മാർട്ട് ഫോണുകളിൽ ആപ്പ് ഇൻസ്റ്റാൾ ചെയ്ത് 15% വീടുകളുടെ ഡാറ്റാ കളക്ട് ചെയ്തിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മോണിട്ടറിങ്ങിന് മേൽനോട്ടം വഹിക്കുന്നതിനായി കടയിരുപ്പ് സർക്കിൾ വി.ഇ.ഒ.യെ ചുമതലപ്പെടുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. ഇതിൽ നിന്നും സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിട്ടറിങ്ങ് സിസ്റ്റം ഫലപ്രദമായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു.

സ്മാർട്ട് ഗാർബേജ് സിസ്റ്റം മോണിട്ടറിങ്ങ് ഫലപ്രദമായി നടപ്പിലാക്കി മോണിട്ടറിങ്ങ് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് വിധേയമായി ₹2,04,900/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.

ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2007-08 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പല പരാമർശങ്ങളും തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡം ആകയാൽ ആയവ തീർപ്പാക്കാതെ അവശേഷിക്കപ്പെടുന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആശാസ്യമായ സ്ഥിതിവിശേഷം അല്ല. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ) പ്രകാരം യഥാസമയം തന്നെ ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുവാൻ നടപടി

സ്വീകരിക്കേണ്ടതാണ്. അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയവ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-20 തുടർ സാക്ഷരത – പഠിതാക്കളുടെ വിവരം ലഭ്യമല്ല- മറ്റ് അപാകതകൾ

| | | |
|---|---|---|
| പ്രേജക്റ്റ് നം. | എസ്.0160/23 | |
| പ്രോജക്റ്റിന്റെ പേര്. | തുടർ സാക്ഷരത | |
| അടങ്കൽ | വികസനഫണ്ട്- ജനറൽ | ₹ 12,500 |
| | തനത് ഫണ്ട് | ₹62,500 |
| | ആകെ | ₹75,000 |
| ചെലവ് വിവരം | വികസനഫണ്ട്- ജനറൽ ബിൽ നം.60285/ 28.3.23. | ₹ 11,850 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ. ജി.എൽ.പി.എസ് | |

ഈ പ്രോജക്റ്റിന്റെ ഭാഗമായി, ജില്ലാ സാക്ഷരതാ മിഷന്റെ 23.03.2023 ലെ എ.1 / പി.1/ 23-ാം നമ്പർ കത്ത് പ്രകാരം പത്താം തരത്തിലേക്കും ഹയർ സെക്കന്ററിയിലേക്കും മൂന്ന വീതം പഠിതാക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹ 11,850/- ( പത്താം തരം 3 X 1750 + ഹയർ സെക്കന്ററി 3 X 2200 ) സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് ഫീസ് അടവാക്കിയിട്ടുണ്ട്.

എന്നാൽ ഈ പഠിതാക്കളുടെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മാത്രമല്ല ഇവർ കോഴ്സ് കംപ്ലീറ്റ് ചെയ്ത് പരീക്ഷ എഴുതിയിട്ടുണ്ടോ എന്ന വിവരങ്ങളും ലഭ്യമല്ല. പഠിതാക്കളുടെ പേരുൾപ്പെടെയുള്ള വിവരങ്ങളും പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ ആയതിന്റെ അറ്റന്റൻസ് സർട്ടിഫിക്കറ്റോ തുല്യതാ സർട്ടിഫിക്കറ്റോ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/5.8.23) മറുപടിയായി പഠിതാക്കളുടെ ലിസ്റ്റും ഹയർ സെക്കന്ററി പരീക്ഷ എഴുതിയവരുടെ റിസൾട്ടും ലഭ്യമാക്കിയിട്ടുണ്ട്.
പത്താം തരം പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിന് വിധേയമായി ₹5,250/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ - നിർവ്വഹണത്തിലെ അപാകതകൾ

| | | |
|---|---|---|
| പ്രേജക്റ്റ് നം. | എസ്.0163/23 | |
| പ്രോജക്റ്റിന്റെ പേര്. | സർക്കാർ സ്കൂളുകൾക്ക് ഫർണിച്ചർ | |
| അടങ്കൽ | വികസനഫണ്ട്- ജനറൽ | ₹1,07,550 |
| | സംരക്ഷണ ഗ്രാന്റ് - റോഡിതരം | ₹3,82,450 |
| | ആകെ | ₹4,90,000 |
| ചെലവ് വിവരം | വികസനഫണ്ട്- ജനറൽ ബിൽ നം. 60301/29.3.2023 | ₹1,07,550 |
| | സംരക്ഷണ ഗ്രാന്റ് - റോഡിതരം. ബിൽ നം. 560315/29.3.23 | ₹3,77,260 |
| | ആകെ | ₹4,84,810 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ. ജി.എൽ.പി.എസ് | |

ഈ പ്രോജക്റ്റിന്റെ ഭാഗമായി ഫർണിച്ചർ വാങ്ങുന്നതിന് നടത്തിയ ടെണ്ടറിൽ മെസേഴ്സ് ഗുരു സ്റ്റീൽ ഫർണിച്ചർ ആന്റ് ഇന്റീരിയേഴ്സ് എന്ന സ്ഥാപനം ഡെസ്കിനും ബെഞ്ചിനും ആയി രേഖപ്പെടുത്തിയ ₹ 5800 + 18% (₹ 6844) എന്ന നിരക്കാണ് ഏറ്റവും കുറവ് ലഭിച്ചത്. എന്നാൽ സാമ്പിൾ പരിശോധിച്ചതിൽ ഈ ഫർണിച്ചർ കുട്ടികളുടെ സുരക്ഷിതത്വത്തിന് ഹാനികരമാണെന്നും പുതിയ സ്പെസിഫിക്കേഷൻ പ്രകാരം അക്രഡിറ്റഡ് ഏജൻസിയിൽ മുഖേന പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശിച്ചും 21.3.2023 ൽ 4/2 നമ്പരായി പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടു. ഇതനുസരിച്ച് ആർട്ട്കോ ലിമിറ്റഡിൽ നിന്നും ₹ 7208+ 18% (₹8505) എന്ന നിരക്കിൽ 57 ഡെസ്കും ബെഞ്ചും നേരിട്ട് വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നം. എ.എൽ.പി. 884/28.3.23). ആയതിന് ₹ 484810 ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോയുടെ നിരക്കും ടെണ്ടറിൽ ലഭിച്ച കുറഞ്ഞ നിരക്കും തമ്മിൽ ₹ 1661 ന്റെ വ്യത്യാസം ഉണ്ട്. ഈ പ്രോജക്റ്റ് നിർവ്വഹണത്തിൽ

കാണുന്ന അപാകതകൾ താഴെ ചേർക്കുന്നു.

ടെണ്ടർ നോട്ടീസിൽ സാമ്പിൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ച് കാണുന്നില്ല. പിന്നെ എപ്രകാരമാണ് സാമ്പിൾ പരിശോധനയ്ക്ക് ലഭ്യമാക്കിയതെന്ന് വ്യക്തമല്ല. കൂടാതെ സാമ്പിൾ പരിശോധിച്ച് കുട്ടികൾക്ക് ഉപയുക്തമല്ല എന്ന് ക്ഷമതയുള്ള ഒരു അധികാരിയുടെ സാക്ഷ്യപത്രവും ലഭ്യമല്ല. ടെണ്ടറിൽ പങ്കെടുത്ത M/s വിളങ്ങാടൻ ഫർണിച്ചർ (നിരക്ക് ₹8650), M/sകീർത്തി മാർക്കറ്റിങ്ങ് (നിരക്ക് ₹7711) എന്നീ സ്ഥാപനങ്ങളുടെ സാമ്പിൾ പരിശോധിച്ചതായും കാണുന്നില്ല.

മേൽ വിവരിച്ച പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/5.8.23) പ്രൊക്യുർമെന്റ് കമ്മിറ്റിയാണ് ഗുണനിലവാരം പരിശോധിച്ചതെന്നും തീരുമാനം പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതിനെ തുടർന്നാണ് ആർട്ട്ക്കോയിൽ നിന്നും സാധനങ്ങൾ വാങ്ങിയത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പർച്ചേയ്സ് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട്, പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ ശുപാർശ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനും ഭാവിയിൽ സ്റ്റോർ പർച്ചേയ്സ് മാനുവൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രൊക്യുവർമെന്റ് മാനുവൽ എന്നിവ പ്രകാരമുള്ള നടപടികൾ കർശനമായി പാലിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-22 ഇ-ടെണ്ടർ ഫീസിനത്തിൽ വരവ് വന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാൻ അവശേഷിക്കുന്നു

ഇ -ടെണ്ടർ ഫീസിനത്തിലുള്ള തുക വരവ് വെയ്ക്കുന്നതിനായി ഐക്കരനാട് ഗ്രാമപഞ്ചായത്ത് അസി.എൻജിനീയറുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (എസ്.ബി.ഐ. A/C നം.00000038780028038) 31.3.23ൽ 4,33,161/-രൂപയും 19.6.23ൽ 4,43,361/-രൂപയും നീക്കിയിരിപ്പ് ഉണ്ട്. നീക്കിയിരിപ്പ് തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 13/08.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. കരാറുകാർ ഇ.എം.ഡി. ഇനത്തിൽ അടവാക്കിയ തുകകൾ കൂടി നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെടുന്നുണ്ടെന്നും ആയത് ഉടൻ തന്നെ കരാറുകാർക്ക് തിരികെ നൽകിയതിനു ശേഷം ബാക്കി വരുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണ് എന്നുമാണ് അസി.എൻജിനീയർ മറുപടിയിൽ വ്യക്തമാക്കിയത്. കറന്റ് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുകയ്ക്ക് പലിശ ലഭിക്കുകയില്ല. തുക തനത് ഫണ്ടിലേക്ക് അടവാക്കാൻ വൈകുന്നത് മൂലം പഞ്ചായത്തിന് പലിശയിനത്തിൽ വരുമാന നഷ്ടം സംഭവിക്കുന്നു. ആയതിനാൽ എത്രയും വേഗം തുക തനത് ഫണ്ടിലേക്ക് അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തി - സ്പിൽ ഓവർ പ്രൊജക്ടുകൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല

ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം സ്പിൽ ഓവറായിട്ടുള്ള ചുവടെ ചേർക്കുന്ന മരാമത്ത് പ്രൊജക്ടുകൾ 2022-23വർഷവും നടപ്പിലാക്കിയിട്ടില്ല. 2022-23വർഷത്തെ പദ്ധതി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ടി പ്രൊജക്ടുകളിൽ ചെലവില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | അടങ്കൽ/ഫണ്ട് |
|---|---|---|---|
| 1 | 40/23 | തൊണ്ടിപ്പീടിക ഗ്യാസ് പമ്പ് റോഡ് റീടാറിംഗ്-വാർഡ് 9 | 2,50,000/-( മെയിന്റനൻസ് ഗ്രാന്റ് റോഡ്) |
| 2 | 27/23 | കടമറ്റം വെയിറ്റിംഗ് ഷെഡ് നിർമ്മാണം-വാർഡ് 7 | 2,30,000/-<br>(തനത് ഫണ്ട്) |
| 3 | 34/23 | നമ്പ്യാരു പടി കുറുകപ്പിള്ളി റോഡിൽ ഡ്രെയിനേജ് നിർമ്മാണം | 1,50,000/-(തനത് ഫണ്ട്)<br>5009/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

മേൽ പ്രവൃത്തികൾ നടപ്പിലാക്കാതെ 2023-24വർഷവും സ്പിൽ ഓവർ ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 15/08.8.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ ചേർക്കുന്നതു പ്രകാരം അസി.എൻജിനീയർ മറുപടി ലഭ്യമാക്കി.

1. പ്രൊജക്ട് നമ്പർ-40/23-തൊണ്ടിപ്പീടിക ഗ്യാസ് പമ്പ് റോഡ് റീടാറിംഗ്-വാർഡ് 9

2020-21വർഷം ഏറ്റെടുത്ത ടി പ്രവൃത്തിയുടെ എഗ്രിമെന്റ് വെച്ചവെങ്കിലും കോവിഡ് മൂലവും കരാറുകാരന്റെ അസുഖം മൂലവും പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. നിലവിൽ റോഡിന്റെ അവസ്ഥ മോശമായതിനാൽ റീടാറിംഗ് ചെയ്യുന്നത് പ്രായോഗികമല്ല. ടാറിംഗ് നടത്തേണ്ടതുണ്ടെന്നും ടാറിംഗിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവരുമെന്നതിനാൽ 40/23 നമ്പർ പ്രൊജക്ട് ഒഴിവാക്കി 2023-24 സാമ്പത്തിക വർഷം പുതിയ പ്രൊജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

2. പ്രൊജക്റ്റ് നമ്പർ-27/23-കടമറ്റം വെയിറ്റിംഗ് ഷെഡ് നിർമ്മാണം-വാർഡ് 7

പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ, സാമ്പത്തിക പ്രതിസന്ധി മൂലം തനിക്ക് പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ല എന്നും തന്നെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ച് കത്തു നൽകിയതു മൂലം ടിയാനെ പ്രവൃത്തിയിൽ ഒഴിവാക്കിയതായും റേറ്റ് റിവിഷൻ വന്നതിനാൽ 2023-24 വർഷം പുതിയ പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുള്ളതുമാണെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

3. പ്രൊജക്റ്റ് നമ്പർ-34/23-നമ്പ്യാരുപടി കറുകപ്പിള്ളി റോഡിൽ ഡ്രെയിനേജ് നിർമ്മാണം

2020-21 ൽ ഏറ്റെടുത്ത പ്രവൃത്തിയുടെ ഡ്രെയിനേജ് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും കവറിംഗ് സ്ലാബ് ഇടുന്ന പ്രവൃത്തി നാളിതു വരെ ചെയ്തിട്ടില്ലെന്നും കരാറുകാരനോട് നിരവധി തവണ പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രവൃത്തി 2023-24 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ക്രമ നമ്പർ 1,2 പ്രവൃത്തികളിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതിനാൽ കരാറുകാരൻ അടവാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്. ക്രമ നമ്പർ 3 പ്രവൃത്തി പൂർത്തീകരിച്ച്, പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിനു ഫൈൻ ഈടാക്കിയതിനു ശേഷം മാത്രം ഫൈനൽ ബിൽ തുക കരാറുകാരന് നൽകേണ്ടതാണ്. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-24 റോഡ് കണക്ടിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S054/23 |
| പ്രൊജക്റ്റിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പിംഗ് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |
| അടങ്കൽ | 42,000/-(തനത് ഫണ്ട്) |
| ചെലവ് | 20,720/-(വൗച്ചർ നമ്പർ-22200271/14.7.22) |

പഞ്ചായത്ത് പ്രദേശത്തെ റോഡുകൾ, ഡ്രെയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികളും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബിൽഡിംഗുകളും R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ നമ്പരിലുള്ള പ്രൊജക്റ്റ്.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് 3,000/- രൂപ ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ആസ്തികളുടെ വിവരം ശേഖരിക്കുന്നതിനായി അഖിൽ സോമൻ, അബിൻ മത്തായി എന്നീ രണ്ടു വ്യക്തികളെ 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം പ്രകാരം (27.4.22ലെ 1/5നമ്പർ തീരുമാനം) നിയമിക്കുകയും ഒരു ദിവസം ഒരാൾക്ക് 740/-രൂപ നിരക്കിൽ 14 ദിവസത്തേക്ക് രണ്ടു പേർക്കും കൂടി 20,720/-രൂപ വേതനമായി തനത് ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. ഓരോ വാർഡിലും ഒരു ദിവസം വീതമാണ് രണ്ടു വ്യക്തികളും ചേർന്ന് വിവര ശേഖരണം നടത്തിയത്. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം അറിയിക്കേണ്ടതാണെന്നും ശേഖരിച്ച ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 20/10.8.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. റോഡുകളുടെ സർവ്വേ മാത്രമേ പൂർത്തിയാക്കിയിട്ടുള്ളുവെന്നും കിണറുകൾ, ബിൽഡിംഗുകൾ എന്നിവയുടെ സർവ്വേ നടത്തിയിട്ടില്ലെന്നും ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്തിട്ടില്ലെന്നുമാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 മെറ്റീരിയൽ സപ്ലൈ-ഓഡിറ്റ് അന്വേഷണക്കുറിപ്പിനെത്തുടർന്ന് ജി.എസ്.ടി അടവാക്കി

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GST കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി/എം ബുക്ക് /വാർഡ് | കരാറുകാരൻ | തുകയും അനുവദിച്ചതീയതിയും ബിൽ നമ്പരും | ഈടാക്കേണ്ട ജി.എസ്.ടി(2%) |
|---|---|---|---|---|
| 1 | പന്തവുമാവുങ്കൽ മരങ്ങാട്ടിത്താഴം റോഡ് കട്ട വിരിക്കൽ – 38/22-23 – വാർഡ്.6 | ശ്രീ.ടോളി മാത്യു. ഐരാറ്റേൽ വീട് മങ്ങാട്ടൂർ, കോലഞ്ചേരി | 1,98,200/-, 24.12.2022 ബിൽ നം.561/22<br>59,460/- ,24.12.2022,ബിൽ നം.601/22<br>1,57,285/- , 975/- ,24.12.2022, | 8,299/- |

| | | | | |
|---|---|---|---|---|
| | | | ബിൽ നം.602/22<br>ആകെ – ₹4,14,945/- | |

മേൽപ്പറഞ്ഞ തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 06.08.2023 ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് 10.08.2023ലെ രസീത് നം 1230201458 പ്രകാരം ₹8,300/- ജി.എസ്.ടി. ഇനത്തിൽ ഗ്രാമ പഞ്ചായത്തിൽ അടവാക്കി.

1-26 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി- സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 0177/23 |
| പ്രൊജക്ടിന്റെ പേര് | നൈപുണ്യ നഗരം – വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹40,000/- – വികസനഫണ്ട് (പൊതുവിഭാഗം)<br>₹ 10,000/- – ജില്ലാപഞ്ചായത്ത് വിഹിതം ,<br>ആകെ – ₹ 50,000/- |
| ചെലവ് | ₹38,665/- |

ജില്ല ആസൂത്രണ സമിതിയുടെ 03.10.2022 ലെ 103570/22/ഡിപിസി/ഡി.പി.ഒ/ഇ.കെ.എം/12-ാം നമ്പർ കത്തിലെ നിർദേശമനുസരിച്ച്, ഐക്കരനാട് ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 22.02.23 മുതൽ 04.03.23 വരെ (അവധി ഒഴികെ) 10 ദിവസത്തെ പരിശീലന പരിപാടി IHRD യുടെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന അപാകതയുണ്ട്

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ.തീയതി 28.5.22,ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് ₹800/- നിരക്കിൽ കുറഞ്ഞത് 30 വ്യക്തികൾക്കുള്ള തുക IHRDക്ക് കൈമാറണമെന്നുള്ള ജില്ലാ ആസൂത്രണ സമിതി ചെയർമാൻ & ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശം പഞ്ചായത്ത് പാലിക്കുകയും 33 വ്യക്തികളുടെ ഫീസ് ₹ 26,400/- IHRDക്ക് സ്ഥാപനത്തിന്റെ 04.03.2023 ലെ ഇൻവോയ്സ് നമ്പർ 16/DLP/2022 പ്രകാരം വികസന ഫണ്ടിൽ (പൊതുവിഭാഗം) നിന്നും നൽകുകയും ചെയ്തു. പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. പ്രൊജക്ട് ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ചുള്ള മോണിട്ടറിങ് റിപ്പോർട്ടില്ല.

3) മേൽ പരാമർശിത കത്ത് പ്രകാരം നോട്ടീസുകൾ, ബാനറുകൾ, സ്റ്റേഷണറി തുടങ്ങിയവയ്ക്കുള്ള ചെലവുകൾ ജില്ലാ പഞ്ചായത്ത് വഹിക്കുമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ IHRD ക്ക് നല്കിയതിന് ശേഷമുള്ള ₹12,265/- ജില്ലാപഞ്ചായത്ത് വിഹിതം നല്കുന്നതിന് പകരം ആയതും വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നാണ് നല്കിയിട്ടുള്ളത്. പ്രസ്തുത തുകയും ജില്ലാപഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റേയും വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 04.08.2023ൽ നല്കിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ വളരെ മികച്ച രീതിയിൽ നടത്തുകയും പഠിതാക്കൾക്ക് ഏറ്റവും ഫലപ്രദമായ പ്രോജക്ടാണെന്നും, ഈ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ സാക്ഷരത ലഭ്യമായ പഠിതാക്കൾ ഇപ്പോൾ പഞ്ചായത്തിന്റെ ചില പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ തയ്യാറായി വന്നിട്ടുണ്ടെന്നും അറിയിച്ചു. കൂടാതെ ഗുണഭോക്താക്കൾ ക്ലാസ്സുകളിൽ പങ്കെടുക്കുന്ന ഫോട്ടോയും പരിശോധനയ്ക്കായി ഹാജരാക്കി. എന്നാൽ പ്രസ്തുത പ്രോജക്ട് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിക്കുവാനുള്ള ₹12,265/- ഇതേവരെ ലഭിക്കാത്തതിനാലും ഇതിനായി ചെലവഴിച്ച ₹38,665/- സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | ₹2,40,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ.നം. എസ്.0013/23) | ₹2,40,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹3,60,704 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോ.നം.എസ്.0088/23) | ₹3,60,704 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹50,000 | ലൈഫ് ഭവനനിർമ്മാണം-ജനറൽ (പ്രോ.നം.എസ്.0147/23) | ₹50,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹3,80,000 | ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി (പ്രോ.നം.എസ്.0150/23) | ₹3,80,000 | - |
| ബ്ലോക്ക് പഞ്ചായത്ത് | | ₹6,60,000 | ലൈഫ് ഭവനനിർമ്മാണം-2020 ജനറൽ (പ്രോ.നം.എസ്.0240/23) | ₹6,60,000 | - |
| ആകെ | | ₹16,90,704 | | ₹16,90,704 | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | ₹3,86,656 | സമഗ്ര നെൽക്കൃഷി വികസനം (പ്രോ.നം.എസ്.0178/23) | ₹3,86,656 | - |
| ജില്ലാ പഞ്ചായത്ത് | | ₹6,14,570 | ലൈഫ് ഭവനനിർമ്മാണം-പട്ടികജാതി (പ്രോ.നം.എസ്.0150/23) | ₹6,14,570 | - |
| ജില്ലാ പഞ്ചായത്ത് | | ₹80,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ.നം.എസ്.0013/23) | ₹80,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോ.നം.എസ്.0088/23) | ₹1,00,000 | - |
| ജില്ലാ പഞ്ചായത്ത് | | ₹13,18,500 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (പ്രോ.നം.എസ്.0227/23) | ₹13,18,500 | - |
| ആകെ | | ₹24,99,726 | | ₹24,99,726 | - |

### 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള

ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിവരുന്നു. ഇപ്രകാരം ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2022-23 | സ്ട്രീറ്റ് ലൈൻ വലിക്കൽ (പ്രോ.നം. എസ്.0067/23) | ബിൽ നം. 333/21.3.23<br>ചെക്ക് നം. 5794791/ 28.3.23 | ₹5,87,650<br>₹1,18,199 | -<br>- | ₹5,87,650<br>₹1,18,199 |
| | | ആകെ | ₹705849 | - | |
| ആകെ | | | | | ₹1855424 |

(ബി) കേരള ജലഅതോറിറ്റി

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2022-23 | ഐരിക്കൽ റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( പ്രോ.നം. എസ്.0168/23) | ബിൽ നം. 994158/ 4.1.2023 | ₹2,60,000 | - | ₹2,60,000 |
| | പ്രീയദർശിനി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( പ്രോ.നം. എസ്.0182/23) | ബിൽ നം. 127/23/ 23.12.2022 | ₹2,00,000 | - | ₹2,00,000 |
| | കുരാച്ചി കനാൽ ബണ്ട് മാന്താട് റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ ( പ്രോ.നം. എസ്.0217/23) | ബിൽ നം. 58569/ 18.1.23 | ₹4,50,000 | - | ₹4,50,000 |
| ആകെ | | | | | ₹9,10,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹1,62,77,234 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | ₹ 10,04,565 |
| ആകെ | ₹1,72,81,799 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹1,72,81,799 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ഇ.ഡി.സി.ബി. കോലഞ്ചേരി | ₹2,04,187 | നം.7381/1/ 17.08.19 |
| ഇ.ഡി.സി.ബി. കോലഞ്ചേരി | ₹1,02,46,567 | നം.7385/2/ 22.09.21 |

| | | |
|---|---|---|
| ഇ.ഡി.സി.ബി. കോലഞ്ചേരി | ₹68,31,045 | നം.7385/3/ 22.09.21 |
| ആകെ | ₹1,72,81,799 | |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2015-16 | അനുബന്ധം-5 | തൊഴിൽ നികുതി | തുക ഒടുക്കിയതായി അറിയിച്ചിട്ടുണ്ട്. |

4-9 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,90,85,635 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹4,33,83,264 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,78,538 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-15 | ₹1,93,920 | ഡോ.സിമി മാത്യു<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മാളിയേക്കൽ വീട്<br>അശോകപുരം.പി.ഒ ആലുവ |
| 1-16 | ₹35803 | ഡോ.അനീഷ് ബേബി<br>മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | പടിഞ്ഞാക്കര പുത്തൻ പുര<br>പാമ്പാക്കുട.പി.ഒ മേമുറി |
| 1-18 | ₹2,04,900 | ശ്രീ അനൂപ് പോൾ,<br>വില്ലേജ് എസ്റ്റൻഷൻ ഓഫീസർ(കടയിരുപ്പ്) | തേറ്റാലുംപുറത്ത്,വെങ്ങോല പി.ഒ,<br>അറക്കപ്പടി |
| 1-20 | ₹5250 | ശ്രീമതി. സ്ലീബ,<br>ഹെഡ്മിസ്ട്രസ്,കടമറ്റം, ഗവ.യു.പി.എസ് | പഴിയാടത്ത്.സൗത്ത് മഴവന്നൂർ.പി.ഒ<br>,<br>എറണാകുളം |
| 1-26 | ₹38665 | ശ്രീമതി.സമീന.ബി<br>സെക്രട്ടറി | വൈശാഖ്, തിരുവാങ്കുളം.പി.ഒ<br>എറണാകുളം |

| | | | |
|---|---|---|---|
| ആകെ | ₹4,78,538 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 0 | 0 | 0 | 0 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ഡോ.സിമി മാത്യു മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ കടയിരുപ്പ് | മാളിയേക്കൽ വീട് അശോകപുരം.പി.ഒ ആലുവ |
| 2 | ഡോ.അനീഷ് ബേബി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | സി.എച്ച്.സി.കടയിരുപ്പ് | പടിഞ്ഞാക്കര പുത്തൻ പുര പാമ്പാക്കുട.പി.ഒ മേമുറി |
| 3 | ശ്രീ അനൂപ് പോൾ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കടയിരുപ്പ്) | രായമംഗലം ഗ്രാമപഞ്ചായത്ത് | തേറ്റാലുംപുറത്ത്,വെങ്ങോലപി.ഒ, അറക്കപ്പടി |
| 4 | ശ്രീ സ്ലീബ, ഹെഡ് മാസ്റ്റർ, കടമറ്റം, ഗവ.യു.പി.എസ് | ഹെഡ്മിസ്ട്രസ്,കടമറ്റം, | പഴിയാടത്ത്.സൗത്ത് മഴുവന്നൂർ.പി.ഒ., എറണാകുളം |
| 5 | ശ്രീമതി.സമീന.ബി സെക്രട്ടറി | സെക്രട്ടറി, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | വൈശാഖ്, തിരുവാങ്കുളം.പി.ഒ എറണാകുളം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 2007-08, 2008-09, 2010-11 | 3-1,3-2,3-5, 3-7 | കെ.എസ്.എ.ഇ.കെ.എം.പി1/ 636(i)/2019/ 9.7.19 |
| 2009-10 | 3-4,3-6,3-9 | കെ.എസ്.എ.ഇ.കെ.എം. പി1/636(i)/2019/ 9.7.19 |
| 2011-12 | 3-1, 3-3, 3-5(2),(3) | കെ.എസ്.എ.ഇ.കെ.എം.പി1/ 636(i)/2019/ 9.7.19 |
| 2012-13& 13-14 | 2-1, 2-2(1), 3-3(1), 3-2, 3-4, 3-5, 3-6, 3-8, 3-9, 3-11, 3-13, 3-17, 3-19, 3-21, 3-22 | കെ.എസ്.എ.ഇ.കെ.എം. പി1/ 234/2018/ 24.5.19 |
| 2014-15 | 3-2,3-3,3-6 | കെ.എസ്.എ.ഇ.കെ.എം.പി1/ 235/2018/ |

| | | |
|---|---|---|
| | | 16.2.18 |
| 2015-16 | 2-2,3-1,3-2,3-6,3-8 | കെ.എസ്.എ.ഇ.കെ.എം.പി1/236/2018/ 15.2.18 |
| 2016-17 | 2-5, 2-6, 2-7, 2-8(2), 3-1, 3-4, 3-5, 3-6, 3-8 | കെ.എസ്.എ.ഇ.കെ.എം പിജി/1071/2020/ 24.11.20 |
| 2017-18 | 2-1, 2-2, 3-6, | കെ.എസ്.എ.ഇ.കെ.എം. പിജി/1071/2020/ 24.11.20 |
| 2018-19 | 1-14, 1-16, 1-17,1-19, 1-21, 1-22, 1-23, 1-24, 3-1 | കെ.എസ്.എ.ഇ.കെ.എം. പി1/655/ 20/ 4.8.2020 |
| 2019-20 | 1-14, 1-17, 1-20, 1-25, 1-26, 1-27 | കെ.എസ്.എ.ഇ.കെ.എം. പി1/724/ 21/ 30.6.2021 |
| 2020-21 | 1-1മുതൽ 1-23 വരെ 2-1, 3-1 | കെഎസ്എ-ഇകെഎം പി1/1954 /21/29.06.2022 |
| 2021-22 | 1-1, 1-2-1, 1-11 മുതൽ 1-19 വരെയും 1-20-1,1-20-2, 1-20-3, 1-21, 1-22, 1-23, 3-1,3-2 | കെ.എസ്.എ.ഇ.കെ.എം. പി1/1603/ 22/ 07.10.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 30-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Aikkaranadu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Aikkaranadu Grama Panchayat for the year 2022-2023

Date: 11/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Aikkaranadu Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.
2. Lack of Panchayath Raj Budget rules adversely affecting budgetary control system.
3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.
4. Non inclusion of Notes on Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. Excess amount of Rs. 502190 deducted at source from development Fund SCP is not incorporated in Balance sheet.

2. Property Tax DCB in AFS is not in tally with the DCB in Sulekha Statements. The Advance collection during the year 2021-22 adjusted is not tally with the figures in AFS.
3. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.
4. An amount of Rs. 4,33,161, E- tender fee is not included in Balance sheet as receivables.
5. The details of the amounts in B-4 Schedule head 320100099 other liabilities Rs. 1351 and head 320300199 Rs. 1657 are not furnished.
6. The entries regarding distress relief fund in B-2 Schedule and B-17 Schedule are mismatching.
7. The reconcilliation of the bank accounts SBI a/c 67308659037 and Federal Bank a/c 10110100309892 are improper.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്